**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1672** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>കില നടത്തുന്ന കോഴ്സുകൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനിൽ (കില) ബിരുദ, ബിരുദാനന്തര കോഴ്സുകൾ നടത്തുന്നുണ്ടോ എന്നറിയിക്കാമോ; എങ്കിൽ ഒരു വർഷം എത്ര പേർക്കാണ് പ്രവേശനം അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; കഴിഞ്ഞ പത്ത് വർഷങ്ങളിൽ ഓരോ ബാച്ചിലും എത്ര പേർക്ക് വീതം പ്രവേശനം നൽകിയിട്ടുണ്ടെന്നും അവരിൽ കോഴ്സ് പൂർത്തിയാക്കിയവരുടെ എണ്ണം എത്രയാണെന്നും അറിയിക്കാമോ; പ്രസ്തുത കോഴ്സുകൾക്ക് യു.ജി.സി. അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന്റെ (കില)കീഴിൽ തൃശ്ശൂർ മുളങ്കുന്നത്തുകാവ് ക്യാമ്പസിലും, കണ്ണൂർ തളിപ്പറമ്പ് ക്യാമ്പസിലുമായി ബിരുദ, ബിരുദാനന്തര കോഴ്സുകൾ നടത്തിവരുന്നു. ഇവയുടെ വിശദാംശങ്ങൾ അനുബന്ധം -1 ആയി ചേർത്തിട്ടുണ്ട്.

**(ബി)** പ്രസ്തുത കോഴ്സ് പൂർത്തിയാക്കിയവർക്കുള്ള സർക്കാർ-സ്വകാര്യ മേഖലയിലെ തൊഴിൽ സാധ്യതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; കോഴ്സ് പൂർത്തിയാക്കിയവർക്ക് പ്ലേസ്മെന്റ് സൗകര്യമുണ്ടോയെന്നും അറിയിക്കാമോ;

**<u>മറുപടി:</u>** മറ്റ് ബിരുദ/ബിരുദാനന്തര വിഷയങ്ങൾ പൂർത്തിയാക്കുന്ന വിദ്യാർത്ഥികളെപ്പോലെ തന്നെ ഈ കോഴ്സുകൾ വിജയിക്കുന്നവർക്കും സർക്കാർ/സ്വകാര്യ മേഖലകളിൽ തൊഴിലിന് അർഹതയുണ്ട്. പ്രധാന തൊഴിൽ മേഖലകൾ താഴെ പറയുന്നവയാണ്:

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കില, കുടുംബശ്രീ, തുടങ്ങിയവയിൽ അക്കാദമിക് പരിചയമുള്ളവരുടെ സേവനം ലഭ്യമാക്കാം.
- നയരൂപീകരണ മേഖലകളിൽ അക്കാദമിക് പരിചയമുള്ളവരുടെ സേവനം ലഭ്യമാക്കാം.
- സോഷ്യൽ ഇംപാക്ട് കൺസൾട്ടൻസി.
- സാമൂഹിക സംരംഭകർ
- സാമൂഹിക മാറ്റങ്ങൾക്കും വികസനത്തിനുമായി ഉപദേശക സേവന മേഖലയിൽ അവസരം.
- സാമൂഹിക പദ്ധതികളുടെ മാനേജ്മെന്റ് വിദഗ്ദർ
- ഫിനാൻസ്, എച്ച്.ആർ മാർക്കറ്റിംഗ് മേഖലകളിൽ തൊഴിലവസരം
- റിസേർച്ചർ, ഡാറ്റാ അനലിസ്റ്റ്

- സി.എസ്. ആർ മാനേജർ

നിലവിൽ തൃശ്ശൂർ ക്യാമ്പസിൽ പ്ലേസ്മെന്റ് സൗകര്യമില്ല. എന്നാൽ കണ്ണൂർ ഐ.പി.പി.എൽ (IPPL) ക്യാമ്പസിൽ പ്ലേസ്മെന്റ് സപ്പോർട്ട് നൽകിവരുന്നുണ്ട്.

**(സി)** കുറഞ്ഞ തൊഴിൽസാധ്യതയും ആകർഷകമല്ലാത്തതുമായ കോഴ്സുകൾക്ക് പകരം തൊഴിൽസാധ്യതയുള്ള കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** പുതിയ കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് കില ഗവേണിംഗ് കൗൺസിൽ തീരുമാനമെടുക്കുകയും അതിനായി പ്രത്യേക കമ്മിറ്റിയെ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു

**(ഡി)** പ്രസ്തുത കോഴ്സുകൾ നടത്തുന്നതിന് കഴിഞ്ഞ പത്ത് വർഷങ്ങളിൽ ഓരോ വർഷവും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

**<u>മറുപടി:</u>** പ്രസ്തുത കോഴസുകൾ നടത്തുന്നതിന് ചെലവ് വന്നിട്ടുള്ള തുകയുടെ വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർത്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

## അനുബന്ധം.1

1. കില കോളേജ് ഓഫ് ഡിസെൻട്രലൈസേഷൻ ആന്റ് ലോക്കൽ ഗവേണൻസ്, തൃശ്ശൂർ : കാലിക്കറ്റ് സർവ്വകലാശാലയുടെ അംഗീകാരത്തോടെ 2024-25 അദ്ധ്യയന വർഷത്തിലാണ് ഈ സ്ഥാപനം ആരംഭിച്ചത്.

| **ക്രമ നമ്പർ** | **കോഴ്സുകളുടെ പേര്** | **അദ്ധ്യയന വർഷം** | **അനുവദിച്ച സീറ്റുകൾ** | **പ്രവേശനം നേടിയവർ** |
|---|---|---|---|---|
| **1** | BA Honours Rural Development and Governance | 2024-25 | 30 | 17 |
| | | 2025-26 | 30 | 2 |
| **2** | BA Honours Gender and Development Studies | 2024-25 | 30 | 5 |
| | | 2025-26 | 30 | 0 |

2. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് പോളിസി & ലീഡർഷിപ്പ് (IPPL), കണ്ണൂർ ,തളിപ്പറമ്പ്: കണ്ണൂർ സർവ്വകലാശാലയുടെ അഫിലിയേഷനോടെ 2022 ഡിസംബറിലാണ് ഇവിടെ കോഴ്സുകൾ ആരംഭിച്ചത്.

| **ക്രമ നമ്പർ** | **കോഴ്സുകൾ** | **വർഷം** | **അനുവദിച്ച സീറ്റുകൾ** | **പ്രവേശനം നേടിയവർ** | **പൂർത്തിയാക്കിയവർ** |
|---|---|---|---|---|---|
| **1** | MA Decentralisation and Local Governance | 2022-24 | 15 | 6 | 6 |
| | | 2023-25 | 15 | 12 | 10 |
| | | 2024-26 | 15 | 4 | 3 |
| | | 2025-27 | 15 | 6 | 3 |
| **2** | MA Social Entrepreneurship and Development | 2022-24 | 15 | 6 | 6 |
| | | 2023-25 | 15 | 8 | 8 |

| ക്രമ നമ്പർ | കോഴ്സുകൾ | വർഷം | അനുവദിച്ച സീറ്റുകൾ | പ്രവേശനം നേടിയവർ | പൂർത്തിയാക്കിയവർ |
|---|---|---|---|---|---|
| | | 2024-26 | 15 | 2 | 1 |
| | | 2025-27 | 15 | 2 | 1 |
| **3** | MA Public Policy and Development | 2022-24 | 15 | 5 | 3 |
| | | 2023-25 | 15 | 7 | 7 |
| | | 2024-26 | 15 | 6 | 6 |
| | | 2025-27 | 15 | | - |

കണ്ണൂർ ക്യാമ്പസിലെ (IPPL) കോഴ്സുകൾക്ക് സർവ്വകലാശാലാ/യു.ജി.സി അംഗീകാരമുണ്ട്. തൃശ്ശൂർ ക്യാമ്പസിലെ കോഴ്സുകൾക്ക് കാലിക്കറ്റ് സർവ്വകലാശാലാ അംഗീകാരമുണ്ട്, എന്നാൽ യു.ജി.സി അംഗീകാരം ലഭ്യമായിട്ടില്ല.

## അനുബന്ധം.2

| സാമ്പത്തിക വർഷം | തൃശ്ശൂർ ക്യാമ്പസ് (രൂപ) | കണ്ണൂർ IPPL (രൂപ) | ആകെ തുക (രൂപ) |
|---|---|---|---|
| **2022-23** | - | 17,33,857 | 17,33,857 |
| **2023-24** | - | 45,48,270 | 45,48,270 |
| **2024-25** | 8,71,144 | 44,72,154 | 53,43,298 |
| **2025-26** | 8,84,743 | 37,02,207 | 45,86,950 |